**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 579** **13-10-2026-ൽ മറുപടിയ്ക്ക്**

**ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയിലെ ക്രമക്കേട്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സിറിയക് തോമസ് ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** 24 മെഗാവാട്ട് ശേഷിയുള്ള ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയിലെ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം നടന്നു വരുന്നു.

ഭൂതത്താൻകെട്ട് ചെറുകിട ജലപദ്ധതിയുടെ (3 x 8 MW) ഇലക് ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s Sree Saravana Engineering Bhavani Private Ltd., M/s.Hunan Zhaoyang Generating Equipment Co. Ltd (SSEBL) കൺസോർഷ്യത്തിന് 18.03.2015-ലെ എഗ്രിമെന്റ് പ്രകാരം നൽകുകയും ടി പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുടെ 86.61% പൂർത്തീകരിക്കുകയും ചെയ്തു. ചൈനയിൽ നിന്നും മൂന്നാമത്തെ കൺസൈൻമെന്റായ ടർബൈനും അനുബന്ധ സാമഗ്രികളും കരാറുകാരൻ ഇറക്കുമതി ചെയ്യാത്തതിനാൽ കരാറുകാരനെ (SSEBL) ടിയാളുടെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുവാൻ 05.08.2025-ൽ തീരുമാനിക്കുകയും തുടർന്ന് 11.08.2025-ന് ടെർമിനേഷൻ ഉത്തരവ് നൽകുകയും ചെയ്തു.

കരാർ റദ്ദാക്കുന്നതിനെതിരെ SSEBL ബഹു. ഹൈക്കോടതിയെ സമീപിച്ചെങ്കിലും കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുകൂലമായ ഉത്തരവ് ലഭിക്കുകയും, തുടർന്ന് ബാങ്ക് ഗ്യാരണ്ടി പണമാക്കി മാറ്റുകയും ചെയ്തു. ബഹു. ഹൈക്കോടതി യുടെ 10.08.2026-ലെ വിധിക്കെതിരെ M/s SSEBL ബഹു. സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചെങ്കിലും 29.09.2026-ൽ ബഹു. സുപ്രീം കോടതി ഹർജി നിരസിച്ചു.

**(ബി)** 18 മാസത്തിനകം പൂർത്തിയാക്കണമെന്ന കരാർ വ്യവസ്ഥ നിലനിൽക്കെ കരാറുകാരൻ ചൈനീസ് കമ്പനിയുമായി ഒത്തുകളിച്ച് ക്രമക്കേട് നടത്തിയതുമൂലം പദ്ധതി നാളിതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപത്തെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം നടന്നു വരുന്നു.

ഭൂതത്താൻകെട്ട് ചെറുകിട ജലപദ്ധതിയുടെ (3 x 8 MW) ഇലക് ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s Sree Saravana Engineering Bhavani Private Ltd., M/s.Hunan Zhaoyang Generating Equipment Co. Ltd (SSEBL) കൺസോർഷ്യത്തിന് 18.03.2015-ലെ എഗ്രിമെന്റ് പ്രകാരം നൽകുകയും ടി പദ്ധതിയുടെ

ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുടെ 86.61% പൂർത്തീകരിക്കുകയും ചെയ്തു. ചൈനയിൽ നിന്നും മൂന്നാമത്തെ കൺസൈൻമെന്റായ ടർബൈനും അനുബന്ധ സാമഗ്രികളും കരാറുകാരൻ ഇറക്കുമതി ചെയ്യാത്തതിനാൽ കരാറുകാരനെ (SSEBL) ടിയാളുടെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുവാൻ 05.08.2025-ൽ തീരുമാനക്കുകയും തുടർന്ന് 11.08.2025-ന് ടെർമിനേഷൻ ഉത്തരവ് നൽകുകയും ചെയ്തു.

കരാർ റദ്ദാക്കുന്നതിനെതിരെ SSEBL ബഹു. ഹൈക്കോടതിയെ സമീപിച്ചെങ്കിലും കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുകൂലമായ ഉത്തരവ് ലഭിക്കുകയും, തുടർന്ന് ബാങ്ക് ഗ്യാരണ്ടി പണമാക്കി മാറ്റുകയും ചെയ്തു. ബഹു. ഹൈക്കോടതി യുടെ 10.08.2026-ലെ വിധിക്കെതിരെ M/s SSEBL ബഹു. സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചെങ്കിലും 29.09.2026-ൽ ബഹു. സുപ്രീം കോടതി ഹർജി നിരസിച്ചു.

**(സി)** പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ; പദ്ധതി യാഥാർഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യകതമാക്കാമോ?

**മറുപടി:** ആഭ്യന്തര വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ വെളിവാകുന്ന പ്രകാരം കുറ്റക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ബാക്കിയുള്ള ജോലികളുടെ പൂർണ്ണമായ കണക്കെടുപ്പും വിലയിരുത്തലും നടത്തുന്നതിനുള്ള നടപടികളും വർക്ക് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**